**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജീവനക്കാര്യം - തൃശൂർ നടവരമ്പ ഗവ.വി.എച്ച്.എസ്.എസ്-ലെ ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് ആയ ശ്രീമതി.ബാഷ്മ ഇ.കെ-യ്ക്ക് ശൂന്യവേതനാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ്**

സ.ഉ.(സാധാ) നം.**5057/2026/GEDN** തീയതി,തിരുവനന്തപുരം, **29-07-2026**

---

പരാമർശം:- 1. **29.07.2024**-ലെ സ.ഉ (സാധാ) നം.**4670/2024/GEDN**

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **29.01.2026** തീയതിയിലെ **VHSE/2266/2024-E6** നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ നടവരമ്പ ഗവ.വി.എച്ച്.എസ്.എസ്-ലെ ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റായ ശ്രീമതി.ബാഷ്മ ഇ.കെ-യ്ക്ക് പഠനാവശ്യത്തിനായി **09.03.2023** മുതൽ **31.12.2025** വരെ ശൂന്യവേതനാവധി അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ, അനുവദിച്ച സമയപരിധിക്കുള്ളിൽ ഗവേഷണം പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ ഗവവേഷണ പഠനം പൂർത്തിയാക്കുന്നതിലേക്കായി **01.01.2026** മുതൽ **31.12.2026** വരെ ഒരു വർഷത്തേയ്ക്ക് കൂടി ശൂന്യവേതനാവധിയ്ക്കായി ശ്രീമതി.ബാഷ്മ അപേക്ഷ സമർപ്പിക്കുകയും ആയത് തുടർ നടപടികൾക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തു.

2. അവധി അപേക്ഷയും അനുബന്ധ രേഖകളും സർക്കാർ വിശദമായി പരിശോധിച്ചു. നടവരമ്പ ഗവ.വി.എച്ച്.എസ്.എസ്-ലെ ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റായ ശ്രീമതി.ബാഷ്മ ഇ.കെ-യ്ക്ക് പരാമർശം (1) പ്രകാരം അനുവദിച്ച ശൂന്യവേതന അവധിയ്ക്ക് തുടർച്ചയായി **01.01.2026** മുതൽ **31.12.2026** വരെ പ്രസ്തുത കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിത അവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം ഒന്ന്, ചട്ടം 88 പ്രകാരം പഠനാവശ്യത്തിനായി ശൂന്യവേതന അവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. അവധി ദീർഘിപ്പിച്ചതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ ശ്രീമതി.ബാഷ്മ ഇ-കെ-യുടെ സേവന പുസ്തകത്തിൽ വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ROJI BENNY**

ഡെപ്യൂട്ടി സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം *(അപേക്ഷകയുടെ സേവന പുസ്തകം*

*സഹിതം)*

**Smt. Bashma E.K., Edakulam (H), Mannuthy P.O, Thrissur-680651**

**Principal, GVHSS, Nadavaramba, Thrissur - 680661**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/(എ&ഇ), കേരളം, തിരുവനന്തപുരം

**(This is issued in concurrence with Finance Department)**

ധനകാര്യ (വിദ്യാഭ്യാസം-ബി) വകുപ്പ് **(E:3544883/EDN-B1/260/2026-FIN)**

വിവര-പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ), വകുപ്പ്

*(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)*

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Siju Vasudevan
Date: 29-07-2026
12:13:18

സെക്ഷൻ ഓഫീസർ